തിരുവനന്തപുരം നഗരസഭയിലെ സാമ്പത്തിക ക്രമക്കേടുകൾ

77 (3165)ശ്രീ. ബി. വിജയകുമാർ :
ശ്രീ. ജി കാർത്തികേയൻ :
ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ലോക്കൽ ഫണ്ട് ഓഡിറ്റിന്റെ 1997-98 വർഷത്തെ റിപ്പോർട്ടിൽ തിരുവനന്തപുരം നഗരസഭയിൽ സാമ്പത്തിക ക്രയവിക്രയങ്ങളിലും പദ്ധതി തുക ചെലവഴിച്ചതിലും ക്രമക്കേടുകൾ നടന്നതായി ചൂണ്ടിക്കാണിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത റിപ്പോർട്ടിന്റെ വിശദാംശം നൽകുമോ;

(സി) ഇതേക്കുറിച്ച് ഗവൺമെന്റ് പരിശോധിച്ചിട്ടുണ്ടോ;

(ഡി) ഇതിനുത്തരവാദികൾ ആരാണ്; അവർക്കെതിരെ എന്തു നടപടി കൈക്കൊണ്ടിട്ടുണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം നഗരസഭയുടെ 1997-98 വർഷത്തെ കണക്കുകൾ ഓഡിറ്റ് നടത്തുകയോ ഓഡിറ്റ് റിപ്പോർട്ട് തയ്യാറാക്കുകയോ ചെയ്തിട്ടില്ല.

(ബി)-(ഡി)ഉത്തരം (എ)യുടെ വെളിച്ചത്തിൽ ബാധകമല്ല.

ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർമാരുടെ നിയമനം

78 (3166)ശ്രീ. പി.കെ. അബ്ദുറബ്ബ് :
ശ്രീ. എം.കെ. മുനീർ :
ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. സി.ടി മുഹമ്മദ് ആലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർമാരുടെ ഒഴിവുകളിൽ ഡിപ്പാർട്ടുമെന്റ് മുഖേന പ്രൊമോഷൻ നടത്തേണ്ട തസ്തികകൾ എത്ര? പി.എസ്.സി മുഖേന നേരിട്ട് നിയമനം നടത്തേണ്ട തസ്തികകൾ എത്ര?

ഉത്തരം

മൊത്തമുള്ള 15% ബി.ഡി.ഒ തസ്തികകളിൽ 102 തസ്തികകൾ പി.എസ്.സി മുഖേന നേരിട്ടും 51 തസ്തികൾ പ്രമോഷൻ വഴിയും നികത്തുന്നു. ഇപ്പോൾ നിലവിലുള്ള 49 ഒഴിവുകളും പി.എസ്.സി നിയമനം വഴി നികത്തേണ്ടതാണ്.

ഗ്രാമ പഞ്ചായത്തുകളിലെ തെരുവു വിളക്ക് കത്തിക്കാൻ നടപടി

79 (3167)ശ്രീ. എ. അലി ഹസ്സൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിക്ക ഗ്രാമപഞ്ചായത്തുകളിലേയും തെരുവു വിളക്കുകൾ കത്തുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly